# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1898 07.03.2017- ൽ മറുപടിയ്ക്ക്

**സാന്ത്വന പദ്ധതി പ്രകാരം അനുവദിച്ച തുക വിതരണം ചെയ്യാൻ നടപടി**

**ചോദ്യം**

ശ്രീ. പി.കെ.അബ്ദു റബ്ബ്

**മറുപടി**

ശ്രീ. പിണറായി വിജയൻ
*(മുഖ്യമന്ത്രി)*

**ചോദ്യം:**

എ) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതിക്ക് ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

**മറുപടി:**

എ) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതിക്ക് ഈ സാമ്പത്തിക വർഷം (2016-17) 5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇത് കൂടാതെ 8 കോടി രൂപ കൂടി അധിക ധനാനുമതി വഴി (അഡീഷണൽ ഓതറൈസേഷൻ) പദ്ധതിയിലേക്ക് വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ വിതരണം ചെയ്തു. 2017 ഫെബ്രുവരിമാസം അധിക ധനാനുമതി വഴി അനുവദിച്ച എട്ട് കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചോദ്യം:**

ബി) ഈ പദ്ധതി പ്രകാരം 2015-16, 2016-17 കാലയളവിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് തുക അനുവദിച്ചു; അനുവദിച്ച തുക എത്ര പേർക്ക് വിതരണം നടത്തിയെന്ന് വ്യക്തമാക്കാമോ;

സി) പ്രസ്തുത അപേക്ഷകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷകൾ ഉണ്ട്; ഇവയിൽ അർഹതയുള്ളവയ്ക്ക് നടപടി പൂർത്തിയാക്കി എത്ര ദിവസത്തിനകം തുക വിതരണം നടത്താനാകുമെന്ന് വ്യക്തമാക്കുമോ ?

**മറുപടി:**

ബി) യും സി യും 2015-16 വർഷം 2519 അപേക്ഷകൾ ലഭിച്ചു. 2016-17 വർഷം 2057 അപേക്ഷകൾ ലഭിച്ചു. ഇതിൽ 2015-16 വർഷം 1689 പേർക്ക് ആനുകൂല്യം വിതരണം ചെയ്തു. 2016-17 വർഷം തൻ വർഷം അനുവദിച്ച 754 പേർക്കും മുൻ വർഷം ആനുകൂല്യം അനുവദിച്ച 266 പേർക്കും ഉൾപ്പെടെ ആകെ 1020 പേർക്ക് ധനസഹായം വിതരണം ചെയ്തു. നടപ്പ് വർഷം വകയിരുത്തിയിരുന്ന 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017 ഫെബ്രുവരിമാസം അധിക ധനാനുമതി വഴി അനുവദിച്ച എട്ട് കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ അർഹരായവർക്ക് വിതരണം ചെയ്യുന്നതാണ്.

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | തുക അനുവദിച്ചവരുടെ എണ്ണം | ബഡ്ജറ്റ് വിഹിതമുപയോഗിച്ച് ധന സഹായം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|---|
| 2015-16 | 2519 | 1689 | 2375 (2014-15 ലെ കുടിശ്ശിക യുൾപ്പെടെ) |
| 2016-17 (27.02.17 വരെ) | 2057 | 754 | 1020 (5 കോടി രൂപയുപയോഗിച്ച് 2015-16 ലെ കുടിശ്ശികയുൾപ്പെടെ) |

2015-16 വർഷവും 2016-17 വർഷവുമായി ലഭിച്ച തീർപ്പാക്കാനുണ്ടായിരുന്ന 2133 അപേക്ഷകളിൽ 2000 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**